ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് ഈ പണം വിനിയോഗിക്കുന്നത്. സർക്കാർ വിഹിത ത്തിനുപുറമേ ഈ ഫണ്ടിലേയ്ക്ക് വിവിധ മേഖലകളിൽ നിന്ന് ധനസമാഹ രണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കു ന്നതിന് സംസ്ഥാന സർക്കാർ സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്. കൗൺസിലിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് 'സംസ്ഥാന സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട്' എന്ന പേരിൽ കായികതാരങ്ങൾക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി : സർ, തീർച്ചയായും അങ്ങയുടെ പ്രഖ്യാപനം കേരളത്തിലെ കായിക ലോകം വളരെ ആവേശത്തോടുകൂടിയും സന്തോഷ ത്തോടുകൂടിയും സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരു പക്ഷേ ഐക്യകേരള രൂപീകരണത്തിന് ശേഷം ആദ്യമായിട്ടായിരിക്കും കേരളത്തിലെ കായിക രംഗത്ത് പ്രവർത്തിക്കുന്ന കായിക താരങ്ങളുടെ ക്ഷേമത്തിന് വേണ്ടിയും കായിക രംഗത്ത് അവർ ഉറച്ച് നിന്ന് പ്രവർത്തിക്കു ന്നതിന് വേണ്ടിയും ഒരു ക്ഷേമനിധി പ്രഖ്യാപിക്കുന്നത്, കേരളത്തിന്റെ ചരിത്രത്തിൽ ചിലപ്പോൾ ആദ്യമായിട്ടായിരിക്കും. സമയബന്ധിതമായി ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി അങ്ങ് എല്ലാ അസോ സിയേഷനുകളുടേയും യോഗം വിളിച്ചു ചേർത്ത്, ഇതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും ഇതിന് ഒരു ടൈംടേബിൾ ഉണ്ടാക്കുന്നതിനും തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സമയബന്ധിതമായിത്തന്നെ ഇത് നടപ്പിലാക്കു ന്നതിനുവേണ്ടി അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിക്കുന്നതാണ്.

(2) വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ

ശ്രീ. സി. പി. മുഹമ്മദ് : സർ, കേന്ദ്ര സർക്കാർ കൊണ്ടുവന്ന വയോജന നിയമവും, കേരളം അംഗീകരിച്ചതിന് ശേഷവും നമ്മുടെ നാട്ടിൽ വയോ ജനങ്ങൾ പീഡിപ്പിക്കപ്പെടുന്നതിന്റെ കരളലിയിപ്പിക്കുന്ന കഥകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ ജനസംഖ്യാനുപാതികമായി നോക്കി യാൽ ഏറ്റവും കൂടുതൽ വൃദ്ധജനങ്ങൾ കേരളത്തിലാണ്. 60 വയസ്സ് കഴിഞ്ഞ മാതാപിതാക്കളെ സംരക്ഷിക്കാത്തവർക്ക് പിഴ സഹിതം തടവ് ശിക്ഷ വിധിക്കാൻ നമുക്ക് നിയമമുണ്ട്. രാജ്യത്തെ വയോജനങ്ങൾ കോടതി കയറേണ്ട വസ്തുദാനവും സംരക്ഷണാവകാശവും സംബന്ധിച്ച് സുപ്രധാന വ്യവസ്ഥ സെക്ഷൻ 23/1-ൽ ഉണ്ട്. സംരക്ഷണോപാധികളോടെ വസ്തുദാനം ചെയ്താൽ വസ്തുകൈമാറ്റം ചെയ്തുകിട്ടിയ ആൾക്ക് ഈ സംരക്ഷണം നൽകാൻ ബാധ്യതയുണ്ട്. പക്ഷേ ഇതെല്ലാം നിയമം വന്നതുമുതലാണ്. മുൻകാല പ്രാബല്യമില്ല. 10,000 രൂപവരെ പിഴ വിധിക്കാനും ദാനം ചെയ്ത വസ്തു തിരിച്ചുപിടിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. പക്ഷേ ഇന്നും പലരും ആത്മഹത്യ ചെയ്യുകയാണ്. 'അച്ഛനമ്മമാരോട് നമ്മൾ' എന്ന

മലയാള മനോരമയുടെ സർവ്വേ, എ. ബി. വിജിമോൻ, കെ. രേഖ, നിഷാ കെ. നായർ, ഗായത്രി ജയരാജ് എന്നിവർ നടത്തിയ സർവ്വേ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നൽകുന്നത്. ഒരു മുൻ ജില്ലാ കളക്ടറും സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനും വൃദ്ധരായി എന്നതുകൊണ്ട് അനുഭവിക്കുന്ന മനോവേദന അതിൽ ചില ഉദാഹരണങ്ങളാണ്. ഇൻഡ്യയിലെ മൊത്തം ജനസംഖ്യയിൽ 7.5 ശതമാനം 60 വയസ്സിനുമേൽ പ്രായമുള്ളവരാണ്. ദീർഘായുസ് സൗഭാഗ്യമായി കരുതുന്നവർക്ക് മരണത്തിന് മുൻപ് എത്തപ്പെടുന്ന ഉർവ്വരസന്ധ്യയാണ് വാർദ്ധക്യം. 9 കോടിയാണ് ഇന്ത്യയിൽ വൃദ്ധജനങ്ങൾ. വാർദ്ധക്യം ശാപമല്ല. തെരുവിൽ തള്ളിയും ഭക്ഷണത്തിൽ വിഷം കലർത്തിക്കൊന്നും ആട്ടിയോടിച്ചും വൃദ്ധസദനങ്ങളിൽ തള്ളി ബാധ ഒഴിച്ചും ഈ രാജ്യത്തെ വൃദ്ധജനങ്ങൾ പീഡിപ്പിക്കപ്പെടുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ വൃദ്ധജനങ്ങളുള്ളത് ഇൻഡ്യയിലും ചൈനയിലുമാണ്. ലോകത്തിലുള്ള വൃദ്ധജനങ്ങളിൽ മൂന്നിലൊന്ന് ഇന്ത്യയിലും ചൈനയിലുമെന്നാണ് കണക്കുകൾ പറയുന്നത്. ജില്ലാ കളക്ടർമാരേയും ആർ.ഡി.ഒ.മാരേയും വയോജനങ്ങളുടെ പരാതി പരിശോധിക്കുവാൻ അധികാരപ്പെടുത്തുന്നു. ജില്ലാതലത്തിൽ വയോജന ട്രിബ്യൂണൽ, ജില്ലാ ആശുപത്രിയിൽ പ്രത്യേക ചികിത്സാ സൗകര്യം എന്നിവയും നിയമം ഉറപ്പ് പറയുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act തീർപ്പാക്കിയത് വിരലിലെണ്ണാവുന്ന കേസ്സുകൾ മാത്രമാണ്. പരാതി 90 ദിവസത്തിനുള്ളിൽ തീർപ്പാക്കണമെന്നാണ് നിയമം. പക്ഷേ പല ജില്ലകളിലും കൺസീലിയേഷൻ ഓഫീസർമാരെവരെ നിയമിച്ചിട്ടില്ല. ദേശീയ വയോജന കമ്മീഷൻ നിയമപരമായ കോടതിയുടെ അധികാരത്തോടെ വരാൻ പോകുകയാണെന്ന് പറയുന്നു. 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന ശ്രീ. എം. ടി. വാസുദേവൻനായരുടെ സിനിമയിൽ മുത്തച്ഛൻ എന്താണ് മരിക്കാത്തത് എന്ന് ചോദിക്കുന്ന കുട്ടിയുടെ നിഷ്ക്കളങ്കത നമ്മളൊക്കെ കണ്ടവരാണ്. മുതിർന്നവരുടെ ഏറ്റവും മോശമായ ചിന്തയുടെ പ്രതിഫലനമാണ് ഈ കുട്ടിയുടെ ചോദ്യത്തിൽ നമ്മൾ കണ്ടത്. ഇത് രാമായണമാസമാണ്. വെള്ളം കുടിക്കുന്ന ശബ്ദം കേട്ടപ്പോൾ ആനയാണെന്ന് കരുതി മൃഗയാ വിനോദനത്തിന് പോയ ദശരഥൻ നാദഭേദിനി അസ്ത്രം തൊടുത്തുവിട്ടപ്പോൾ അന്ധനായ മുനികുമാരൻ മരിച്ചു. അന്ധനായ മുനികുമാരൻ വൃദ്ധ മാതാപിതാക്കൾക്ക് വെള്ളത്തിന് വേണ്ടി വന്നതായിരുന്നു. അന്ധനായിട്ടും അച്ഛനമ്മമാർക്ക് വെള്ളമെടുക്കാൻ പോയ മകനെ കൊന്നതിന് നീ പുത്ര ദുഃഖം അനുഭവിക്കട്ടെ എന്ന് മുനി ശപിക്കുകയുണ്ടായി. അതുകൊണ്ടാണ് തന്റെ പ്രിയപ്പെട്ട പുത്രൻ ശ്രീരാമൻ 14 വർഷം വനവാസത്തിന് പോയി, ദശരഥ മഹാരാജാവ് പുത്ര ദുഃഖം കൊണ്ട് നീറി നീറി മരിച്ചത്. മാതാവിന്റെ കാലിൻ ചുവട്ടിലാണ് വിശ്വാസിയുടെ സ്വർഗ്ഗം എന്നാണ് നബി തിരുമേനി പറഞ്ഞത്. നമ്മുടെ വിദ്യാഭ്യാസരീതി മാതാപിതാക്കൻമാരെ സംരക്ഷിക്കാനോ, അല്ലെങ്കിൽ അയൽക്കാരനെ സ്നേഹിക്കാനോ പഠിപ്പിക്കുന്നില്ല. ധർമ്മബോധമാണ് നമുക്ക് വേണ്ടത്. യയാതി മകൻ പുരുവിനോട് യൗവ്വനം കടം വാങ്ങിയ കഥയും പിതാവിന്റെ സൗഖ്യത്തിന് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ആജീവനാന്തം അവിവാഹിതനായി കഴിഞ്ഞ ഭീഷ്മ പിതാമഹന്റെ കഥയു മൊക്കെ നമ്മുടെ ചരിത്രത്തിലുണ്ട്. അങ്ങനെ മാതാപിതാക്കൻമാരെ ദൈവ ത്തിന് തുല്യമായി കണക്കാക്കുന്ന ആയിരക്കണക്കിന് സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള ഒരു രാജ്യത്ത് ഈ ആസുരകാലത്ത് ഏറ്റവും അധികം വൃദ്ധജനങ്ങൾ പീഡിപ്പിക്കപ്പെടുകയാണ്. നിയമം ഏട്ടിലെ പശുവായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കണം. പറയുകയാണെങ്കിൽ ഒരുപാട് പറയുവാനുണ്ട്, മാതൃഭൂമി മംഗളം, ദീപിക, മാധ്യമം തുടങ്ങി നമ്മുടെ എല്ലാ പത്രങ്ങളും ഇതു സംബന്ധിച്ച് അടുത്ത കാലത്ത്, മുഖപ്രസംഗം എഴുതിയിട്ടുണ്ട്. മനോർമയുടെ ഹൃദയസ്പർശിയായ കഥകൾ വായിച്ചാൽ കണ്ണുനീരോടുകൂടിയല്ലാതെ അത് അവസാനിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് ഗവൺമെന്റ് കർശന നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വയോജനങ്ങളേയും രക്ഷിതാക്ക ളേയും സംരക്ഷിക്കാനുള്ള ദേശീയ നിയമം ഏറ്റവും ആദ്യം പ്രാബല്യത്തിൽ വരുത്തിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സംസ്ഥാനത്ത് 2008 സെപ്റ്റംബർ 24-ന് നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. ഈ നിയമപ്രകാരം രക്ഷിതാക്ക ളേയും വയോജനങ്ങളേയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഓരോ വ്യക്തിക്കുമുണ്ട്. രക്ഷിതാക്കളെ സംരക്ഷിക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ട്രിബ്യൂണലുകൾ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ അപ്പലേറ്റ് ട്രിബ്യൂണലും അതിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി ജില്ലാ കളക്ടർമാരേയും നിയമിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ഡ്യൂട്ടി നിർവ്വഹിക്കാനുള്ള അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങളുടെ എണ്ണം സംസ്ഥാനത്തെ ജനസംഖ്യയിൽ ത്വരിതഗതിയിൽ കൂടി വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആയുർദൈർഘ്യം കൂടുകയും ജനനനിരക്ക് കുറയുകയും ചെയ്യുന്നതാണ് സംസ്ഥാനത്ത് വയോജനങ്ങളുടെ അനുപാതം കൂടുവാൻ കാരണം. 1961-ൽ ആകെ ജനസംഖ്യയുടെ 5.83 ശതമാനമായിരുന്നു കേരളത്തിലെ വയോജനങ്ങളുടെ എണ്ണം. 2001-ൽ അത് 9.79 ശതമാനമായി ഉയർന്നു. 2011-ൽ 11.74 ശതമാനവും 2021-ൽ 15.63 ശതമാനവും 2026-ൽ 20.1 ശതമാനമായും വയോജനങ്ങളുടെ എണ്ണം ഉയരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിലാണ് വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള കേന്ദ്ര നിയമം വരുന്നതിന് മുമ്പ് 2004-ൽ സംസ്ഥാനത്ത് വയോജന നയം പ്രഖ്യാപിച്ചത്. ഇതനുസരിച്ച് വയോജന ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന ബഡ്ജറ്റിൽ വിവിധ ഇനങ്ങളിലായി വയോജന ക്ഷേമത്തിന് 3.4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വയോജനക്ഷേമത്തിനായി മുഖ്യമന്ത്രി ചെയർമാനായി വയോജന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയിട്ടുണ്ട്. വയോജന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളും പകൽ പരിപാലന കേന്ദ്രങ്ങളും തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഭരണാപരമായ ചെലവുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വയോജന നയത്തിൽപ്രതിപാദിക്കുന്നതനുസരിച്ച് സാമ്പത്തിക സുരക്ഷ, ആരോഗ്യസേവനങ്ങൾ, കുടുംബം, സ്ഥാപനപരമായ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ഊന്നൽ നൽകും. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സർക്കാരിതര സംഘടനകളും ഈ രംഗത്ത് ചെയ്യുന്ന ഫലപ്രദമായ കാര്യങ്ങളിൽ സർക്കാർ സഹായവും പ്രോത്സാഹനവും നൽകും. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 15 വയോജനകേന്ദ്രങ്ങളിലായി 500-ഓളം അന്തേവാസികൾ താമസിക്കുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന 153 വയോജന കേന്ദ്രങ്ങളിലായി 10,000 ത്തിലേറെ അന്തേവാസികളുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിൽ സർക്കാർ പ്രതിമാസം ആളൊന്നിന് 200 രൂപ വീതം നൽകുന്നു. സംസ്ഥാനത്തെ 8 ഓൾഡേജ് ഹോമുകളോടനുബന്ധിച്ച് പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാർ അനുമതി നൽകി. പകൽ പരിപാലന കേന്ദ്രത്തിൽ നിന്ന് വന്നുപോകുന്ന വയോജനങ്ങളുടെ യാത്രയ്ക്കുള്ള പ്രതിമാസ വാഹന വാടക തുക 5,000 രൂപയിൽ നിന്ന് 10,000 രൂപയായി ഉയർത്തി. ഓൾഡേജ് ഹോമിലെ അന്തേവാസികൾക്കായി മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണ വിതരണം, പുസ്തക വിതരണം എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചു. ജില്ലാസാക്ഷരതാ മിഷൻവഴി സാക്ഷരതാ പ്രസിദ്ധീകരണങ്ങൾ വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ആശുപത്രി ചികിത്സ കഴിഞ്ഞ് സംരക്ഷിക്കാൻ ആരോരുമില്ലാത്ത വയോജനങ്ങളെ സംരക്ഷിക്കുന്നതിന് സന്നദ്ധ സംഘടനകളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9-ാം വാർഡിലെ അന്തേവാസികളെ മാറ്റിപ്പാർപ്പിക്കുന്ന മൂന്ന് സന്നദ്ധ സംഘടനകൾക്ക് സഹായം നൽകിവരുന്നു. 9-ാം വാർഡ് ജീറിയാട്രിക് വാർഡാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ ആശുപത്രികളിൽ വയോജനക്ഷേമത്തിന് ഇതേമാതൃകയിലുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കി വരുകയാണ്. വയോജന പെൻഷൻ 2010 ഏപ്രിൽ മുതൽ 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ അത് 110 രൂപയായിരുന്നു. ഇന്ദിരാഗാന്ധി ദേശീയ വയോജന പെൻഷൻ പദ്ധതിയനുസരിച്ച് കൂടുതൽ പേർക്ക് പെൻഷൻ ലഭ്യമാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. കൂടുതൽ വയോജന കേന്ദ്രങ്ങൾ തുടങ്ങി വയോജനങ്ങളെ കുടുംബാന്തരീക്ഷങ്ങളിൽ നിന്ന് മാറ്റിനിർത്തുക എന്നത് സർക്കാർ നയമല്ല. സ്വന്തം മക്കളോടും പേരക്കിടാങ്ങളോടുമൊപ്പം സുഖപ്രദമായ ജീവിതം പ്രദാനം ചെയ്യുക എന്നതാണ് പരിഷ്കൃത സമൂഹത്തിന്റെ കടമ. ഇതിനാവശ്യമായ നടപടികളും ബോധവൽക്കരണ പ്രവർത്തനങ്ങളുമാണ് നടത്തേണ്ടത്. ജീവിത സായാഹ്നത്തിൽ സംരക്ഷിക്കാൻ ആരോരുമില്ല എന്ന ഘട്ടത്തിൽ മാത്രമേ വയോജന കേന്ദ്രങ്ങളിലെത്തിക്കാവൂ എന്നുമാണ് സർക്കാർ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്റെ ശ്രദ്ധക്ഷണിക്കൽ പോലെയുള്ള ഒരു മറുപടിയാണ്. അതല്ല, ഇവിടെ സെൻട്രൽ നിയമമുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഇതിന് സബ്മിഷൻ ഉന്നയിച്ചപ്പോൾ ആറ് മാസത്തിനുള്ളിൽ അത് കേരളത്തിൽ നടപ്പാക്കുമെന്ന് പറഞ്ഞു. ഇതുവരെ ഇത് നടപ്പാക്കിയിട്ടില്ല. മുൻ ജില്ലാ കളക്ടർമാർക്കും സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകന്മാർക്കും ഇതാണ് ഗതിയെങ്കിൽ മുൻ എം.എൽ.എ.മാർക്കും മുൻ മന്ത്രിമാർക്കും നമുക്കൊക്കെ വരാൻ പോകുന്ന ഗതിയാണിത്. അതുകൊണ്ട് ഇത് സാമ്പത്തികമായ മാത്രം പ്രശ്നമല്ല മനസ്സിന്റെ കൂടി പ്രശ്നമാണ്. ഇക്കാര്യത്തിൽ ഗൗരവമായി നിയമം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എളമരം കരീം: കേന്ദ്ര നിയമം കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) ആയുധ വിവരം വെളിപ്പെടുത്തൽ

ശ്രീ. കെ. എം. മാണി: സർ, വനത്തിന്റെ അതിർത്തിക്ക് 10 കിലോമീറ്റർ ഉള്ളിൽ താമസിക്കുന്ന ആളുകൾ അവരുടെ കൈവശമുള്ള ആയുധങ്ങളുടെ കണക്ക് വൈൽഡ് ലൈഫ് വാർഡന് കൊടുക്കണമെന്ന ഒരു നിർദ്ദേശം ഗവൺമെന്റിൽനിന്ന് ഉണ്ടായിട്ടുളളതായി ചില മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയുധ കണക്കെടുപ്പ് കർഷകർക്ക് ദുരിതമാകുന്നു. തോക്കുകൾ കൈവശമുള്ളവർക്ക് മാത്രമായിരുന്നു ലൈസൻസ് വേണ്ടിയിരുന്നത്. എന്നാൽ പുതിയ നിർദ്ദേശപ്രകാരം കൃഷിക്കാർ തുമ്പ, വെട്ടുകത്തി, കോടാലി, കമ്പിപ്പാര, കൂടം എന്നിവയ്ക്കുപോലും ലൈസൻസ് എടുക്കേണ്ട അവസ്ഥയാണ്. ഇങ്ങനെയൊരു ഉത്തരവ് ഇറങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇറങ്ങിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യേണ്ടതാണ്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, അങ്ങനെയൊരു ഉത്തരവ് ഇറങ്ങിയിട്ടില്ല. അതുകൊണ്ട് അങ്ങ് ഒന്നുമില്ലായ്മയിൽനിന്ന് മഹാസംഭവമുണ്ടാക്കേണ്ട കാര്യമില്ല. അങ്ങ് ഒരു പത്രവാർത്തയെമാത്രം അടിസ്ഥാനമാക്കി ഇത് പറയാൻ പാടില്ലായിരുന്നു. ഉത്തരവ് ഇറങ്ങിയിട്ടില്ല. തോക്കിന് ലൈസൻസ് ബാധകമാണ്. ബാധകമായിരിക്കുകയും വേണം.

(2) കെ.ഇ.ആർ. ഭേദഗതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും നിയമനം നടത്തിയിട്ടില്ല. അടിയന്തരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. കഴിഞ്ഞ നവംബർ 14-ന് 2010 കായിക വർഷമായി പ്രഖ്യാപിക്കുകയുണ്ടായി.